## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3030** | **28-02-2023 - ൽ മറുപടിയ്ക്ക്**

## സാംസ്കാരിക കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജില്ലകൾ തോറും സാംസ്കാരിക നായകന്മാരുടെ നാമധേയത്തിൽ സാംസ്കാരിക കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കൊല്ലത്ത് ശ്രീനാരായണ ഗുരുവിന്റെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. പാലക്കാട്, കാസർഗോഡ് ജില്ലകളിൽ യഥാക്രമം വി.ടി.ഭട്ടതിരിപ്പാട്, സുബ്രഹ്മണ്യൻ തിരുമുമ്പ് എന്നിവരുടെ നാമധേയത്തിലുള്ള സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിച്ചു വരികയാണ്. മലപ്പുറം ജില്ലയിൽ സ്ഥാപിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചു വരികയാണ്. കണ്ണൂർ ജില്ലയിൽ സമുച്ചയ നിർമ്മാണത്തിനായി കണ്ടെത്തിയ സ്വകാര്യ ഭൂമി സാംസ്കാരിക വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്. പാട്യം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 89.06 സെന്റ് ഭൂമി കൂടി സാംസ്കാരിക വകുപ്പിന് കൈമാറി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കണ്ണൂർ എന്നീ നാല് ജില്ലകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. ആലപ്പുഴ ജില്ലയിൽ സമുച്ചയത്തിനായി കണ്ടെത്തിയിട്ടുള്ള ഭൂമിയുടെ കൈമാറ്റ നടപടികൾ അവസാന ഘട്ടത്തിലാണ്. പത്തനംതിട്ട ജില്ലയിലെ ഏനാദിമംഗലം ഗ്രാമപഞ്ചായത്തിൽ ബ്ലോക്ക് നമ്പർ 25 ൽ റീസർവ്വേ നമ്പർ 206, 267/1, 284-ൽപ്പെട്ട 5 ഏക്കർ സ്ഥലം സമുച്ചയ നിർമ്മാണത്തിന് അനുയോജ്യമാണെന്ന് കെ.എസ്.എഫ്.ഡി.സി ചെയർമാൻ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജലവിഭവ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള നിർദിഷ്ട ഭൂമി സമുച്ചയ നിർമ്മാണത്തിന് അനുയോജ്യമാണോ എന്നത് സംബ-ന്ധിച്ചും ഭൂമിയുടെ തരം സംബന്ധിച്ചുമുള്ള |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് പത്തനംതിട്ട ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, വയനാട്, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ ഭൂമി കണ്ടെത്തുന്നതിന് ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ നടപടികൾ കൈക്കൊണ്ടുവരികയാണ്. |
| (ബി) | ആലപ്പുഴ ജില്ലയിൽ നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ ആരോഗ്യവകുപ്പ് വിട്ടുനല്കിയ സ്ഥലത്ത് പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയം നിർമ്മിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | ആലപ്പുഴ ജില്ലയിൽ പി. കൃഷ്ണപിള്ളയുടെ നാമധേയത്തിലുള്ള നവോത്ഥാന സാംസ്കാരിക സമുച്ചയം, 23.01.2023 തീയതിയിലെ സ.ഉ(കൈ)നം.14/2023/RD നമ്പർ ഉത്തരവ് പ്രകാരം സാംസ്കാരിക വകുപ്പിന് കൈമാറി ലഭിച്ചിട്ടുള്ള മാവേലിക്കര താലൂക്കിൽ താമരക്കുളം വില്ലേജിൽ ബ്ലോക്ക് നമ്പർ 18, റീസർവ്വേ നമ്പർ 30 ൽ ഉൾപ്പെട്ട 5 ഏക്കർ ഭൂമിയിലാണ് സ്ഥാപിക്കുന്നത്. പദ്ധതിയുടെ വിശദമായ പ്രൊജക്ട് റിപ്പോർട്ട് (DPR) കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ